പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5080 — 15-11-2019-ലെ മറുപടിയ്ക്ക്

## പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എം. രാജഗോപാലൻ</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2019-ലെ പ്രളയത്തിൽ കാർഷിക മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് 2019 ൽ ഉണ്ടായ പ്രളയത്തിൽ കാർഷിക മേഖലയ്ക്ക് 15.10.2019 വരെ 1386.624 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. 40230 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 174993 കർഷകരെ ബാധിക്കുകയും ചെയ്തു. ഇവ കൂടാതെ, ഉരുൾ പൊട്ടലിൽ ബണ്ടുകൾ തകർന്നതും, കൃഷിയിടത്തിൽ മണ്ണും ചെളിയും അടിഞ്ഞതും, പമ്പ് സെറ്റുകളുടെ കേടുപാടിനും, കൃഷിയിടങ്ങളിലെ വെള്ളക്കെട്ടും കാരണം ഉണ്ടായ നാശത്തിന് ഏകദേശം 10 കോടിയുടെ ആനുകൂല്യം നൽകേണ്ടതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഫാമുകൾക്ക് ഏകദേശം 3.5 കോടി രൂപയും, കേരള കാർഷിക സർവ്വകലാശാലയുടെ റിപ്പോർട്ട് പ്രകാരം 20.26 ലക്ഷം രൂപയുടെ നഷ്ടവുമാണ് കണക്കാക്കിയിരിക്കുന്നത്.</td></tr>
<tr><td>(ബി)</td><td>2018-19 വർഷത്തിൽ കാർഷിക മേഖലയിൽ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനം നടത്തി വരുന്നുണ്ടോ; എങ്കിൽ ഇതിനായി സർക്കാർ എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?</td><td>(ബി)</td><td>2018-19 വർഷത്തിൽ കാർഷിക മേഖലയിൽ പ്രളയാനന്തരം കർഷകർക്ക് താഴെ പറയുന്ന പദ്ധതികൾ പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.
<table>
<tr><th>ക്രമ നം.</th><th>പദ്ധതി/ ഫണ്ട്</th><th>2018-19 ൽ നൽകിയ തുക</th><th>2019-20 ൽ നൽകിയ തുക</th></tr>
<tr><td>1</td><td>വിള ഇൻഷ്വറൻസ് പദ്ധതി</td><td>24.63 കോടി</td><td>55.60 കോടി</td></tr>
<tr><td>2</td><td>പ്രകൃതിക്ഷോഭം പദ്ധതിയിലുള്ള കണ്ടിജൻസി ഫണ്ട്</td><td>111.98 കോടി</td><td>4.71 കോടി</td></tr>
<tr><td>3</td><td>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്</td><td>54 കോടി</td><td>-</td></tr>
<tr><td>4</td><td>എസ്.ഡി.ആർ.എഫ്</td><td>181.52 കോടി</td><td>1 കോടി</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | • പ്രളയം ബാധിച്ച നെൽപ്പാടങ്ങളിൽ വീണ്ടും വിത്ത് വിതയ്ക്കുന്നതിന് വേണ്ടി 2260.338 ലക്ഷം രൂപയുടെ 5650.85 ടൺ നെൽവിത്ത് നൽകി.<br>• 770 ലക്ഷം രൂപയുടെ 770 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് നൽകി.<br>• 220 ലക്ഷം രൂപയുടെ 1 കോടി പച്ചക്കറി തൈകൾ കർഷകർക്ക് വിതരണം ചെയ്തു.<br>• 21846 കർഷകർക്ക് 4369.27 ഹെക്ടർ സ്ഥലത്തേയ്ക്ക് 236 ലക്ഷം രൂപയുടെ കുമ്മായ വസ്തുക്കൾ വിതരണം ചെയ്തു.<br>• സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ MIDH പദ്ധതികൾക്ക വേണ്ടി 41.55 കോടി രൂപ നൽകി.<br>• വിള ആരോഗ്യ പരിപാലന പദ്ധതിയിൽ എലി നശീകരണ ക്യാമ്പയിൻ നടത്തുന്നതിന് 1.5375 ലക്ഷം ചെലവാക്കി.<br>• ദീർഘകാല സുഗന്ധവ്യഞ്ജന വിളകളുടെ പദ്ധതിക്കുവേണ്ടി 1.73 കോടി രൂപ ചെലവാക്കി. |

സെക്ഷൻ ഓഫീസർ